"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇലക്ട്രോണിക് & വിവര സാങ്കേതികവിദ്യാ വകുപ്പ് - ജൈടെക്സ് (ഗൾഫ് ഇൻഫർമേഷൻ ടെക്നോളജി എക്സിബിഷൻ - GITEX) 2025 ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന് ഉദ്യോഗസ്ഥർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക് & വിവര സാങ്കേതികവിദ്യാ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.232/2025/ITD തീയതി,തിരുവനന്തപുരം, 07-10-2025

---

പരാമർശം:- ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലഭ്യമാക്കിയ 11.08.2025 തീയതിയിലെ ഇടിപികെ/എംകെടിജി/ജൈടെക്സ്/ 2025-26/1106 നമ്പർ കത്ത്.

**ഉത്തരവ്**

സർക്കാർ ഐ.ടി പാർക്കുകളിൽ നിന്നുള്ള ഐ.ടി കമ്പനികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ/സേവനങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി ഒരു ബിസിനസ് ശൃംഖല കെട്ടിപ്പടുക്കാനുമുള്ള ഒരു പ്ലാറ്റ്ഫോം പ്രദാനം ചെയ്യുകയും ആഗോളതലത്തിൽ ഐ.ടി വ്യവസായത്തിലെ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക പ്രവണതകളിലേക്ക് വെളിച്ചം വീശുകയും ചെയ്യുന്ന ഗൾഫ് ഇൻഫർമേഷൻ ടെക്നോളജി എക്സിബിഷൻ GITEX 2025 ഒക്ടോബർ 13 മുതൽ ഒക്ടോബർ 17 വരെ ദുബായിൽ വച്ച് നടക്കുന്നതാണെന്ന് ടെക്നോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പരാമർശം (1) പ്രകാരം അറിയിക്കുകയുണ്ടായി. പ്രസ്തുത ഉച്ചകോടിയിൽ കേരള ഐ.ടി പവലിയൻ നിരിക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി താഴെ കൊടുത്തിരിക്കുന്ന ഉദ്യോഗസ്ഥ സംഘത്തെ ദുബായിലേക്ക് അയയ്ക്കുവാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അനുമതി തേടുകയുണ്ടായി.

1.കേണൽ സഞ്ജീവ് നായർ (റിട്ട.) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്.

2.ശ്രീ. വിഷ്ണു വി നായർ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി), കേരള സർക്കാർ.

3.ശ്രീ. പ്രജീത്ത് പ്രഭാകരൻ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി), കേരള സർക്കാർ.

4.ശ്രീമതി. ഭാമിനി നായർ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി), കേരള സർക്കാർ

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേണൽ സഞ്ജീവ് നായർ (റിട്ട.) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, ശ്രീ. വിഷ്ണു വി നായർ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി) കേരള സർക്കാർ, ശ്രീ. പ്രജീത്ത് പ്രഭാകരൻ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി) കേരള സർക്കാർ, ശ്രീമതി. ഭാമിനി നായർ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈപവർ ഐ.ടി കമ്മിറ്റി) എന്നിവരെ ഒക്ടോബർ 13 മുതൽ ഒക്ടോബർ 17 വരെ ദുബായിൽ വച്ച് നടക്കുന്ന GITEX 2025 പരിപാടിയിൽ കേരള ഐ.ടി പവലിയൻ നിരീക്ഷിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ദുബായിലേക്ക് പോകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ഉദ്യോഗസ്ഥരുടെ യാത്രാച്ചെലവുകൾ ടെക്നോപാർക്കിന്റെ തനതു ഫണ്ടിൽ നിന്നും കണ്ടെത്തേണ്ടതാണ്.

3. മേൽ പ്രതിപാദിച്ചിരിക്കുന്ന ഉദ്യോഗസ്ഥർ ജൈടെക്സ് 2025 ഉച്ചകോടിയിൽ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ S R

അണ്ടർ സെക്രട്ടറി

<u>പകർപ്പ്</u>

ശ്രീ. കേണൽ സഞ്ജീവ് നായർ (റിട്ട.) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്

ശ്രീ. വിഷ്ണു വി നായർ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി), കേരള സർക്കാർ

ശ്രീ. പ്രജീത്ത് പ്രഭാകരൻ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി), കേരള സർക്കാർ

ശ്രീമതി. ഭാമിനി നായർ, ലീഡ് ഐ.ടി സ്ട്രാറ്റജിസ്റ്റ് (ഹൈ പവർ ഐ.ടി കമ്മിറ്റി), കേരള സർക്കാർ

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Kiran M
Date: 07-10-2025 14:14:22
സെക്ഷൻ ഓഫീസർ